# <u>സ്നേഹപൂർവ്വം പദ്ധതി</u>

(അപേക്ഷ അപ്‌ലോഡ് ചെയ്യുന്നതിന് മുമ്പ് അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ)

വിവിധ സാഹചര്യങ്ങളിൽ മാതാവോ പിതാവോ അഥവാ ഇതുവരും മരണമടയുകയും കുട്ടിയെ സംരക്ഷിക്കുന്ന രക്ഷിതാവിന് ആരോഗ്യപരമോ സാമ്പത്തികമോ ആയ കാരണങ്ങളാൽ കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ, അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യഭ്യാസം നൽകുന്നതിന് പ്രതിമാസ ധനസഹായം (ഒറ്റത്തവണയായോ ഗഡുക്കളായോ, 10 മാസത്തേക്ക്) അനുവദിക്കുന്ന പദ്ധതിയാണ് "സ്നേഹപൂർവ്വം".

വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അനുവദിക്കുന്ന പ്രതി ധനസഹായത്തിന്റെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു. (ഒരു അദ്ധ്യായന വർഷം പരമാവധി 10 മാസത്തേക്ക് മാത്രം)

| | | | |
|---|---|---|---|
| 1. | 5 വയസ്സിന് താഴെയുള്ള കുട്ടികൾക്കും 1 -ാം ക്ലാസ്സു മുതൽ5-ാം ക്ലാസ്സു വരെ പഠിക്കുന്ന കുട്ടികൾക്ക് | – | 300/- രൂപ |
| 2. | 6 -ാം ക്ലാസ്സു മുതൽ10-ാം ക്ലാസ്സു വരെ പഠിക്കുന്ന കുട്ടികൾക്ക് | – | 500/- രൂപ |
| 3. | 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് | – | 750/- രൂപ |
| 4. | ഡിഗ്രി ക്ലാസ്സുകളിലും പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്ന കുട്ടികൾക്ക് | – | 1000/- രൂപ |

മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട വിധവും താഴെ കൊടുത്തിരിക്കുന്നു.

1. അച്ഛൻ/അമ്മ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ കുട്ടികളാണ് ഈ പദ്ധതിയുടെ അപേക്ഷകർ.
2. കുട്ടി പഠിക്കുന്ന വിദ്യഭ്യാസ സ്ഥാപനം സർക്കാർ/എയ്ഡഡ് പദവിയിലുള്ളവ യായിരിക്കണം (ഇത്തരം സ്ഥാപനങ്ങളിലെ സ്വാശ്രയ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് ഈ ധനസഹായത്തിന് അർഹതയില്ല)
3. കുട്ടികൾ സ്വന്തം ഭവനങ്ങളിലോ അല്ലെങ്കിൽ ബന്ധുഭവനങ്ങളിലോ താമസിച്ച് വിദ്യാഭ്യാസം നടത്തുന്നവരായിരിക്കണം (അനാഥാലയങ്ങളിലോ അത്തരത്തിലുള്ള ഇതരസ്ഥാപനങ്ങളിലോ താമസിച്ച് പഠിക്കുന്നവർക്ക് ഈ ധനസഹായത്തിന് അർഹതയില്ല)

4. അപേക്ഷകന്റെ (വിദ്യാർത്ഥി) അല്ലെങ്കിൽ ടിയാൻ താമസിക്കുന്ന ബന്ധുവീടിന്റെ കുടുംബം ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നതായിരിക്കണം. അഥവാ എ.പി.എൽ കുടുംബമാണെങ്കിൽ ഗ്രാമപ്രദേശങ്ങളിൽപ്പെടുന്ന കുടുംബമാണെങ്കിൽ വാർഷിക കുടുംബവരുമാനം 20,000/- (ഇരുപതിനായിരം) രൂപയിലും നഗരപ്രദേശ ങ്ങളാണെങ്കിൽ 22,375/- (ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച്) രൂപയിലും കൂടുവാൻ പാടുള്ളതല്ല. ഇതു തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5. അപേക്ഷകൾ കുട്ടി പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയി കേരള സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് അപ്‌ലോഡ് ചെയ്യുകയാണ് വേണ്ടത്.
6. താഴെ പറയുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം വെള്ളക്കടലാസിൽ സ്ഥാപന മേധാവിക്ക് കുട്ടി /ജീവിച്ചിരിക്കുന്ന രക്ഷിതാവ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

   (എ). മാതാവ്/ പിതാവ് അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞതിന്റെ ആധികാരിക സർട്ടിഫിക്കറ്റ്.

   (ബി). ബി.പി.എൽ റേഷൻകാർഡിന്റെ പകർപ്പ് അല്ലെങ്കിൽ അംഗീകൃത ബി.പി.എൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കുടുംബവാർഷിക വരുമാനം നിശ്ചിത പരിധിക്കുള്ളിലാണെന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

   (സി). ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ ഷെഡ്യൂൾഡ് ബാങ്കിൽ (കോർ ബാങ്കിംഗ് സംവിധാനമുള്ളത്) കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് (ഇരുവരും ഒപ്പിട്ടാൽ മാത്രം പണം പിൻവലിക്കുവാൻ പറ്റുന്ന വിധത്തിൽ) തുടങ്ങിയ പാസ്സ്ബുക്കിന്റെ ആദ്യ പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (അതിൽ രണ്ടുപേരുടേയും പേരുകളും അക്കൗണ്ടു നമ്പറും ബാങ്കിന്റെ ഐ.എഫ്.സി നമ്പറും വ്യക്തമായി തെളിഞ്ഞിരിക്കണം)

   (ഡി). വിദ്യാർത്ഥിയുടെ ആധാർകാർഡിന്റെ/ആധാർ രജിസ്ട്രേഷൻ നടത്തിയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
7. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തെറ്റായ രേഖകൾ വെച്ചുകൊണ്ടും തെറ്റായ വിവരങ്ങൾ അപ്‌ലോഡ് ചെയ്തുകൊണ്ടും ധനസഹായം നൽകുന്നതിനിടവന്നാൽ പ്രസ്തുത തുക വസൂലാക്കുന്നതും അത്തരക്കാർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.
8. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് ഈ പദ്ധതി ധനസഹായം നൽകുന്നതിന് ആസ്പദമായ രേഖകൾ പരിശോധിക്കുന്നതിന് അധികാരമുണ്ടായിരിക്കും.

9. 5 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ അപേക്ഷകൾ അതാതു ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ശുപാർശയോടു കൂടി കേരള സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് നേരിട്ട് അപേക്ഷിക്കാവുന്നതാണ്. അതിനുവേണ്ടി സ്നേഹപൂർവ്വം പദ്ധതിയുടെ അപേക്ഷാഫോറം (മുൻപ് നിശ്ചയിച്ചിരുന്നത് ഉപയോഗിക്കാവുന്നതാണ്, ആയത് സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.)